പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 195

# 2024-ലെ കേരള മുനിസിപ്പാലിറ്റി

# (രണ്ടാം ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 195

# 2024-ലെ കേരള മുനിസിപ്പാലിറ്റി

# (രണ്ടാം ഭേദഗതി) ബിൽ

493/2024.

# 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും

ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 6-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 6-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ,—

(എ) (എ) ഖണ്ഡത്തിൽ,—

(i)(i)-ാം ഉപഖണ്ഡത്തിലെ, "ഇരുപത്തിയഞ്ചും" എന്ന വാക്കിന് പകരം "ഇരുപത്തിയാറും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii)(ii)-ാം ഉപഖണ്ഡത്തിലെ "അൻപത്തിരണ്ട്" എന്ന വാക്കിന് പകരം "അൻപത്തിമൂന്ന്" എന്ന വാക്കും "ഇരുപത്തിയഞ്ചും" എന്ന വാക്കിന് പകരം "ഇരുപത്തിയാറും" എന്ന വാക്കും ചേർക്കേണ്ടതാണ്;

(ബി) (ബി) ഖണ്ഡത്തിൽ,—

(i)(i)-ാം ഉപഖണ്ഡത്തിലെ "അൻപത്തിയഞ്ചും" എന്ന വാക്കിന് പകരം "അൻപത്തിയാറും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (ii)-ാം ഉപഖണ്ഡത്തിലെ "നൂറ്" എന്ന വാക്കിന് പകരം "നൂറ്റിയൊന്ന്" എന്ന വാക്കും "അൻപത്തിയഞ്ചും" എന്ന വാക്കിന് പകരം "അൻപത്തിയാറും" എന്ന വാക്കും ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 6-ാം വകുപ്പ്, കൗൺസിലിന്റെ ഘടന സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, സർക്കാരിന് ഓരോ കാനേഷുമാരി അനുസരിച്ച് പ്രസക്ത കണക്കുകൾ പ്രസിദ്ധപ്പെടുത്തിയതിനുശേഷം, (3)-ാം ഉപവകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള തോതിന് വിധേയമായി, മുനിസിപ്പാലിറ്റിയിലെ ആകെ കൗൺസിലർമാരുടെ സ്ഥാനങ്ങളുടെ എണ്ണത്തിൽ മാറ്റം വരുത്താവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. നിലവിൽ ആക്റ്റിലെ 6-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ഇരുപതിനായിരത്തിൽ കവിയാത്ത ജനസംഖ്യയുള്ള പ്രദേശത്തെ മുനിസിപ്പൽ കൗൺസിലിലെ, കൗൺസിലർമാരുടെ സ്ഥാനങ്ങളുടെ എണ്ണം ഇരുപത്തിയഞ്ചും, ഇരുപതിനായിരത്തിൽ കവിയുന്ന ജനസംഖ്യയുള്ള മുനിസിപ്പൽ കൗൺസിലിലെ കൗൺസിലർമാരുടെ സ്ഥാനങ്ങളുടെ എണ്ണം പരമാവധി അൻപത്തിരണ്ട് എന്നതിനു വിധേയമായി, ആദ്യത്തെ ഇരുപതിനായിരം ജനസംഖ്യക്ക് ഇരുപത്തിയഞ്ചും, ഇരുപതിനായിരത്തിൽ കവിയുന്ന ഓരോ രണ്ടായിരത്തി അഞ്ഞൂറ് ജനസംഖ്യയ്ക്ക് ഓരോന്നു വീതവും ആയിരിക്കുന്നതാണ്. ഒരു മുനിസിപ്പൽ കോർപ്പറേഷന്റെ സംഗതിയിൽ, നാലുലക്ഷത്തിൽ കവിയാത്ത ജനസംഖ്യയുള്ള പ്രദേശത്തെ മുനിസിപ്പൽ കോർപ്പറേഷനിലെ കൗൺസിലർമാരുടെ സ്ഥാനങ്ങളുടെ എണ്ണം അൻപത്തിയഞ്ചും നാലുലക്ഷത്തിൽ കവിയുന്ന ജനസംഖ്യയുള്ള മുനിസിപ്പൽ കോർപ്പറേഷന്റെ കൗൺസിലർമാരുടെ സ്ഥാനങ്ങളുടെ എണ്ണം, പരമാവധി നൂറ് കൗൺസിലർമാർ എന്നതിന് വിധേയമായി, ആദ്യത്തെ നാലുലക്ഷം ജനസംഖ്യക്ക് അൻപത്തിയഞ്ചും, നാലുലക്ഷത്തിൽ കവിയുന്ന ഓരോ പതിനായിരം ജനസംഖ്യക്കും ഓരോന്നു വീതവും ആയിരിക്കുന്നതാണ്.

2011-ലെ കാനേഷുമാരി അനുസരിച്ച്, കേരളത്തിലെ ജനസംഖ്യ വർദ്ധിച്ച സാഹചര്യത്തിലും പല മുനിസിപ്പാലിറ്റികളിലെയും ജനസംഖ്യ ഒരു ലക്ഷം കവിഞ്ഞ സാഹചര്യത്തിലും ജനസംഖ്യയും തിരഞ്ഞെടുപ്പിലൂടെ നികത്തേണ്ട കൗൺസിലർമാരുടെ സ്ഥാനങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതം വർദ്ധിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ, ജനങ്ങൾക്ക് മെച്ചപ്പെട്ട ഭരണനിർവ്വഹണം പ്രദാനം ചെയ്യുന്ന ആവശ്യത്തിലേക്ക് ജനസംഖ്യയും കൗൺസിലർമാരുടെ സ്ഥാനങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതം കുറയ്ക്കുന്നതിനായി, മുനിസിപ്പാലിറ്റികളിലെ കൗൺസിലർമാരുടെ

കുറഞ്ഞതും കൂടിയതുമായ സ്ഥാനങ്ങളുടെ എണ്ണം ഓരോന്ന് വീതം വർദ്ധിപ്പിക്കുവാനും അതനുസരിച്ച് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 6-ാം വകുപ്പ് (3)-ാം ഉപവകുപ്പ് അനുയോജ്യമായി ഭേദഗതി ചെയ്യുവാനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

എം.ബി. രാജേഷ്.

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994 -ലെ 20)

## നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

6. കൗൺസിലിന്റെ ഘടന.—(1) ഒരു ടൗൺ പഞ്ചായത്തിന്റെയും ഒരു മുനിസിപ്പൽ കൗൺസിലിന്റെയും ഒരു മുനിസിപ്പൽ കോർപ്പറേഷന്റെയും നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ ആകെ കൗൺസിലർമാരുടെ സ്ഥാനങ്ങളുടെ എണ്ണം, ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ പ്രദേശത്തെ ജനസംഖ്യ പരിഗണിച്ചുകൊണ്ട് (3)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള തോതനുസരിച്ച് സർക്കാർ വിജ്ഞാപനം ചെയ്യേണ്ടതാണ്.

(2) സർക്കാരിന് ഓരോ കാനേഷുമാരി അനുസരിച്ച് പ്രസക്ത കണക്കുകൾ പ്രസിദ്ധപ്പെടുത്തിയശേഷം, (3)-ാം ഉപവകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള തോതിനു വിധേയമായി, (1)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്ത ഒരു മുനിസിപ്പാലിറ്റിയിലെ ആകെ കൗൺസിലർമാരുടെ സ്ഥാനങ്ങളുടെ എണ്ണത്തിൽ മാറ്റം വരുത്താവുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമോ (2)-ാം ഉപവകുപ്പ് പ്രകാരമോ വിജ്ഞാപനം ചെയ്യുന്ന കൗൺസിലർമാരുടെ സ്ഥാനങ്ങളുടെ എണ്ണം,—

(എ) ഒരു ടൗൺ പഞ്ചായത്തിന്റെയോ ഒരു മുനിസിപ്പൽ കൗൺസിലിന്റെയോ സംഗതിയിൽ—

(i) ഇരുപതിനായിരത്തിൽ കവിയാത്ത ജനസംഖ്യയുള്ള ടൗൺ പഞ്ചായത്തിന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ പ്രദേശത്തേക്ക് ഇരുപത്തിയഞ്ചും;

(ii) ഇരുപതിനായിരത്തിൽ കവിയുന്ന ജനസംഖ്യയുള്ള ടൗൺ പഞ്ചായത്തിന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ പ്രദേശത്തേക്ക് പരമാവധി അൻപത്തിരണ്ട് കൗൺസിലർമാർ എന്നതിനു വിധേയമായി ആദ്യത്തെ ഇരുപതിനായിരം ജനസംഖ്യക്ക് ഇരുപത്തിയഞ്ചും, ഇരുപതിനായിരത്തിൽ കവിയുന്ന ഓരോ രണ്ടായിരത്തി അഞ്ഞൂറ് ജനസംഖ്യക്കും ഓരോന്നു വീതവും;

(ബി) ഒരു മുനിസിപ്പൽ കോർപ്പറേഷന്റെ സംഗതിയിൽ—

(i) നാലുലക്ഷത്തിൽ കവിയാത്ത ജനസംഖ്യയുള്ള മുനിസിപ്പൽ കോർപ്പറേഷന്റെ പ്രദേശത്തേക്ക് അൻപത്തിയഞ്ചും;

(ii) നാലുലക്ഷത്തിൽ കവിയുന്ന ജനസംഖ്യയുള്ള മുനിസിപ്പൽ കോർപ്പറേഷന്റെ പ്രദേശത്തേക്ക് പരമാവധി നൂറ് കൗൺസിലർമാർ എന്നതിന് വിധേയമായി ആദ്യത്തെ നാലുലക്ഷം ജനസംഖ്യക്ക് അൻപത്തിയഞ്ചും, നാലുലക്ഷത്തിൽ കവിയുന്ന ഓരോ പതിനായിരം ജനസംഖ്യക്കും ഓരോന്നു വീതവും;

ആയിരിക്കേണ്ടതാണ്.

** ** ** **

(10) (9)-ാം ഉപവകുപ്പ് പ്രകാരം സംവരണം ചെയ്ത വാർഡുകൾ ഏതെല്ലാമാണെന്ന് തീരുമാനിച്ചാൽ ഉടൻ അപ്രകാരം സംവരണം ചെയ്ത വാർഡുകളുടെ ഒരു ലിസ്റ്റ് നിർണ്ണയിക്കപ്പെട്ട രീതിയിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിക്കേണ്ടതാണ്.

---